# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2165

18.03.2015 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ കീഴിലുള്ള അസിസ്റ്റന്റ് തസ്തികകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഹെഡ് ഓഫീസിലുമായി എത്ര അസിസ്റ്റന്റ്മാരുടെ തസ്തികകൾ നിലവിലുണ്ട്; ഇവയിൽ സ്ഥിരമായും കരാർ വ്യവസ്ഥയിലും എത്രപേരാണുള്ളത്; സ്ഥിരം അസിസ്റ്റന്റ്മാരുടെ എത്ര ഒഴിവുകളാണ് ഉള്ളത്; ഇതിൽ കരാറുകാർ ജോലിചെയ്യുന്നുണ്ടോ; ഇനം തിരിച്ചുള്ള വിവരം നൽകുമോ; | (എ) | കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഹെഡ് ഓഫീസിലുമായി 61 അസിസ്റ്റന്റ്മാരുടെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇതിൽ കരാർ/ദിവസ വേതന വ്യവസ്ഥയിൽ 34 പേരും സ്ഥിര വ്യവസ്ഥയിൽ 23 പേരും ജോലി ചെയ്യുന്നു. സ്ഥിരം അസിസ്റ്റന്റ്മാരുടെ 38 ഒഴിവുകളുള്ളതിൽ 34 പേർ കരാർ/ ദിവസവേതന വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത്.<br>(ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) അവസാനമായി ഈ തസ്തികയിലേക്ക് നിയമനം നടത്തിയത് എന്നായിരുന്നു; പുതുതായി നിയമന നടപടികൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ; | (ബി) | ഈ തസ്തികയിലേയ്ക്ക് ടെസ്റ്റും ഇന്റർവ്യൂവും നടത്തി അസിസ്റ്റന്റ്മാരെ അവസാനമായി നിയമിച്ചത് 2005 ലാണ്. പുതുതായി നിയമന നടപടികൾ (സ്ഥിര നിയമനം )തുടങ്ങിയിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ തസ്തികയിൽ സ്ഥിരം നിയമനം നടത്തിയിട്ടുണ്ടോ? | (സി) | ഇല്ല. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| SL No | Institutions | Sanctioned Strength | Men in position | | | |
|---|---|---|---|---|---|---|
| | | Assistant | Assistant Regular | Contact/ Daily | Regular vacancy of Assistants | No of Assistants working on contract basis against the regular vacancy |
| (1) | (2) | (3) | (4) | (5) | (6) (3-4) | (7) |
| 1 | CAPE HO | 15 | 8 | 4 | 7 | 4 |
| 2. | CE, Perumon | 6 | 3 | 2 | 3 | 2 |
| 3. | CE, Kidangoor | 6 | 4 | 2 | 2 | 2 |
| 4. | CEM, Punnapra | 6 | 1 | 5 | 5 | 5 |
| 5. | CE, Vadakara | 6 | 4 | 3 | 2 | 3 |
| 6. | CE, Thalassery | 6 | 2 | 3 | 4 | 3 |
| 7. | CE, Trikaripur | 5 | 0 | 5 | 5 | 5 |
| 8 | CE, Pathanapuram | 4 | 0 | 4 | 4 | 4 |
| 9. | CE, Aranmula | 2 | 1 | 1 | 1 | 1 |
| 10 | Sagara Hospital | 3 | 0 | 3 | 3 | 3 |
| 11 | IMT, Punnapra | 2 | 0 | 2 | 2 | 2 |
| | **Total** | **61** | **23** | **34** | **38** | **34** |